"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില); തൃശ്ശൂർ- 2021-22 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾക്കായി ഭരണാനുമതി ലഭിച്ച ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 276.35 ലക്ഷം രൂപയും 10/11/2021 തീയതിയിലെ സ.ഉ.(സാധാ)നം.2249/2021/തസ്വഭവ പ്രകാരം ഭരണാനുമതി നൽകിയ പ്രവർത്തികൾക്കായി 100 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ.(സാധാ) നം.811/2022/LSGD തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:-

1. 25/06/2021 തീയതിയിലെ സ.ഉ.(സാധാ)നം.1206/2021/തസ്വഭവ നമ്പർ ഉത്തരവ്.

2 27/09/2021 തീയതിയിലെ സ.ഉ.(സാധാ)നം.1859/2021/തസ്വഭവ നമ്പർ ഉത്തരവ്.

3 10/11/2021 തീയതിയിലെ സ.ഉ.(സാധാ)നം.2249/2021/തസ്വഭവ നമ്പർ ഉത്തരവ്.

4. കില ഡയറക്ടർ ജനറലിന്റെ 20/11/2021 തീയ്യതിയിലെ കില/2021/101/3447/HQ/AsstF2, 22.02.2022 തീയ്യതിയിലെ 2021/73/HQ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

2021-2022 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്കായി പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായ 2275 ലക്ഷം രൂപയിൽ ഒന്നാം ഗഡു ആയ 1137ലക്ഷം രൂപ പരാമർശം (2) പ്രകാരം കിലക്ക് അനുവദിച്ചിരുന്നു. രണ്ടാം ഗഡുവായ 276.35 ലക്ഷം രൂപയും, പരാമർശം (3) പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതികൾക്കായി വകയിരുത്തിയ 675 ലക്ഷം രൂപയും ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തിക്കായി 276.35ലക്ഷം രൂപയും, പരാമർശം (3) പ്രകാരം ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്കായി 100 ലക്ഷം രൂപയും 2515-00-003-99 (P) ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ,കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ,തൃശ്ശൂർ
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം.

ധനകാര്യ ഡെവെലപ്മെന്റ് വകുപ്പ് (ഡെവ-2/184/2021-ധന(1809936) തീയതി 24/03/2022)

എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ )വകുപ്പ്

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ